ശ്രീ. കെ. എ. ശിവരാമഭാരതി : ഇന്ന് ചില എക്സൈസ് റേഞ്ചുകൾ നിറുത്തൽ ചെയ്തിട്ടുള്ളത് എടിസ്ഥാനത്തിലാണ്?

ശ്രീ. എ. എ. റഹീം : ഡിപ്പാർട്ടുമെന്റ് പരിഷ്ക്കരിച്ചതുകൊണ്ടാണ്.

ശ്രീ. കെ. എ. ശിവരാമഭാരതി : സർക്കിൾ ഇൻസ്പെക്ടരുടെ പോസ്റ്റ് നിറുത്തൽ ചെയ്തിട്ടുണ്ടോ?

ശ്രീ. എ. എ. റഹീം : ഉണ്ട്. അസിസ്റ്റൻറ് കമ്മീഷണറന്മാരുടെ പോസ്റ്റ് കൂട്ടിട്ടും ഉണ്ട്.

ശ്രീ. കെ. എ. ശിവരാമഭാരതി : പ്രൊഹിബിഷൻ അസിസ്റ്റൻറ് കമ്മീഷണരുടെ കീഴിലാക്കാമോ?

ശ്രീ. എ. എ. റഹീം : അതു ഡെപ്യൂട്ടി കമ്മീഷണരുടെ കീഴിലാണ്.

ശ്രീ. സി. കെ. വിശ്വനാഥൻ : കമ്മിറ്റിയുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള മാതിരി കള്ള് വ്യവസായങ്ങൾക്ക് ആവശ്യമാണെന്ന് അറിയാമോ?

ശ്രീ. എ. എ. റഹീം : അതിനെ സംബന്ധിച്ചിടത്തോളം തീരുമാനം എടുത്തിട്ടില്ല.

The question that a supplementary sum not exceeding Rs 1,78,700 be granted under Demand III—State Excise Duties, was put and carried.

11 A. M]

The grant was made.

Demand V—10. Forests.

Home Minister (SHRI A. J. JOHN): I move for a supplementary grant of Rs. 4,24,100 under Demand V - 10. Forests.

Minister for Health (SHRI A. A. RAHIM): I second it.

ശ്രീ. എ. ജെ. ജോൺ : ഐറ്റം പത്തൊൻപതു് 7000 രൂപയ്ക്കു് വേണ്ടിയാണു്. അതായതു ഫാറസ്റ്റ് കോഡ് ഭേദഗതി ചെയ്യുന്നതിനുവേണ്ടി ഏഴുമാസത്തേയ്ക്കു് സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടു്. പുതിയ ഫാറസ്റ്റ് നിയമങ്ങൾ അനുസരിച്ചുള്ള കോഡ് ഇതുവരെ തയ്യാറായിട്ടില്ല. ഇപ്പോൾ നിലവിലുള്ള കോഡ് അനേക വർഷങ്ങൾക്കുമുൻപു് തയ്യാറാക്കിയിട്ടുള്ളതാണു്. അതു് തയ്യാറാക്കുന്നതിനു് ഒരു അസിസ്റ്റൻറ് കൺസർവേറ്ററേയും ഒരു ക്ലാർക്കിനേയും ഒരു ടൈപ്പിസ്റ്റിനേയും പ്യൂണിനേയും നിയമിച്ചിട്ടുണ്ടു്. അവർക്കുള്ള ഡിയർനസ് അലവൻസ്, ടി. എ. എന്നിവകൾക്കു് ഏഴുമാസത്തേയ്ക്കു് ഉള്ള തുകയാണു് 7000 രൂപ. രണ്ടാമത്തെ ഐറ്റം 3,53,800 രൂപയാണു്. അതിൽ 1,03,800 രൂപ രണ്ടാമത്തെ പഞ്ചവത്സരപദ്ധതി അനുസരിച്ചു് ഫാറസ്റ്റിൽ എന്തെല്ലാം സംഗതികളാണു് നടപ്പിൽ വരുത്തേണ്ടതു് എന്നുള്ളതിനെപ്പറ്റി അന്വേഷിക്കുന്നതിനു സ്റ്റാഫിനെ നിയമിച്ചതുകൊണ്ടാണു്. 2,50,000 രൂപ ചേർത്തിരിക്കുന്നതു്

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യാഗവണ്മെൻറിനുവേണ്ടി സ്റ്റീപ്പേഴ്സ് വെട്ടിയിറക്കുന്നതിന് ആവശ്യമുള്ള തുകയാണ്. ഇതിൽ വരവിനമുണ്ടെങ്കിലും ഇപ്പോൾ ആവശ്യമുള്ള തുകയാണ് ഇതിൽ കൊള്ളിച്ചിരിക്കുന്നത്. ഫാറസ്റ്റിലേയ്ക്ക് ആവശ്യമുള്ള പാലങ്ങൾ, ഇലക്ട്രിഫിക്കേഷൻ മുതലായ ആവശ്യത്തിനുവേണ്ടിയാണ് 3,40,000 രൂപ കൊള്ളിച്ചിരിക്കുന്നത്. അതിൽ 20,300 രൂപ രണ്ടു ജീപ്പ് വാങ്ങിക്കുന്നതിനാണ്. ഈ തുക അനുവദിച്ചുതരണം.

The question that a supplementary sum not exceeding Rs. 4,24,100 be granted under Demand V-10. Forests, was put and carried.

The grant was made.

Demand VI—11. Registration.

Minister for Health (SHRI A. A. RAHIM): I move that a supplementary grant of Rs. 8,000 under Demand No. VI—11. Registration.

Home Minister (SHRI A. J. JOHN): I second it.

ശ്രീ. എ. എ. റഹീം : സർ, ഇതു് ചാത്തന്നൂർ സബ് രജിസ്റ്റർ ആഫീസ് ഇടുന്നതിനുള്ള ഒരു കെട്ടിടവും സ്ഥലവും വിലയ്ക്കു വാങ്ങുന്നതിനുവേണ്ടി കൊള്ളിച്ചിട്ടുള്ള തുകയാണ്.

ശ്രീ. പി. രവീന്ദ്രൻ : ചാത്തന്നൂർ ഒരു സബ്രജിസ്റ്റർ ആഫീസ് സ്ഥാപിക്കുന്നതിനു പുതുതായി ഒരു കെട്ടിടവും സ്ഥലവും അകപ്പയർ ചെയ്യാൻ ഉദ്ദേശിക്കുന്നതായി പറഞ്ഞു. ഇപ്പോൾ ഉദ്ദേശിച്ചിരിക്കുന്ന കെട്ടിടവും സ്ഥലവും അതിനു പറ്റിയതാണെന്നുള്ളതിനോട് ഞാൻ യോജിക്കുന്നു. ഒരു കാര്യം ഈ അവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്താനുള്ളതു്, പുതിയ സ്ഥലവും കെട്ടിടവും അകപ്പയർ ചെയ്തു എടുക്കുന്തുവരെ ഇപ്പോൾ കിടക്കുന്ന സ്ഥലത്തുതന്നെ തുടരണമെന്നും അവിടെനിന്നും മാറാൻ പാടില്ലെന്നുള്ളതുമാണ്.

ശ്രീ. എ. എ. റഹീം : അങ്ങനെതന്നെ.

The question that a supplementary sum not exceeding Rs. 8,000 be granted under Demand VI—11. Registration, was put and carried.

The grant was made.

Demand IX—25. General Administration

Chief Minister (SHRI PANAMPILLI GOVINDA MENON): I move for a Supplementary Grant of Rs 48,200 under Demand No. IX—25. General Administration.

SHRI A. J. John : I second it.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ സംഖ്യയിൽ 23,900 രൂപ മാസ്കറഹോട്ടലിനു വേണ്ടിയാണ്. പക്ഷേ, പുതിയതായ ഒരു ചെലവല്ല. കൺട്രോളർ ആവശ്യപ്പെട്ടതനുസരിച്ചും, അദ്ദേഹത്തിന്റെ ഉപദേശപ്രകാരവും ചെയ്യുന്നതായ ഒരു കാര്യമാണ്. 59,500 രൂപ

LIBRARY ARCHIVES Kerala Legislative Assembly